# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6526 08.11.2016-ൽ മറുപടിക്ക്

## സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിന് സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.സി.ജോസഫ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** |
| **ശ്രീ. അടൂർ പ്രകാശ്** | (ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ |
| **ശ്രീ. കെ.എസ്.ശബരീനാഥൻ** | നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗവേഷണത്തിന് എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ മെഡിക്കൽ കോളേജുകളിൽ ഗവേഷണ പഠനത്തിനായി State Board of Medical Research വഴി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി Institutional Research Committee പ്രവർത്തിക്കുന്നു. മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ഫാക്കൽറ്റികളുടെയും പോസ്റ്റ് ഗ്രാജുവേറ്റുകളുടേയും ഗവേഷണ പഠനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുന്നു. |
| (ബി) | ഗവേഷണത്തിന് ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ എസ്.ബി.എം.ആർ ന് ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 17.08.2016 ലെ ജി.ഒ.(ആർ.റ്റി) നം.2273/16/H&FWD പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ഗവേഷണത്തിന്റെ ഫലമായി എന്തെങ്കിലും പുതിയ കണ്ടുപിടിത്തങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്.ബി.എം.ആർ. ൽ 2011 മുതൽ 2016 വരെയുള്ള കാലയളവിൽ നടത്തിയ ഗവേഷണ പഠനങ്ങളുടെ ഫലമായി കണ്ടെത്തിയവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. ഫാർമസി വകുപ്പിൽ നടത്തിയ പഠനത്തിൽ കേരളത്തിൽ ലഭ്യമായ നിലകാരകം, കരിമുള്ള് തുടങ്ങിയ ഔഷധ സസ്യങ്ങളിലെ ഉപയോഗ പ്രദമായ ഘടകങ്ങൾ കണ്ടെത്തുകയും ചെടികളെ തിരിച്ചറിയുവാനും അവ ഉപയോഗിച്ച് ഔഷധങ്ങൾ നിർമ്മിക്കാനുമുള്ള പ്രാരംഭ പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2. പപ്പായ ഇലകൾ ഡെങ്കി പനിയെ പ്രതിരോധിക്കാൻ ഉപയോഗപ്രദമാണെന്ന് കണ്ടെത്തുകയും ആയത് സംബന്ധിച്ച് പരീക്ഷണങ്ങളിലൂടെ ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കിയിട്ടുമുണ്ട്.<br>3. തുടർച്ചയായി ഗർഭഛിദ്രം ഉണ്ടാകുന്ന സ്ത്രീകളിൽ നടത്തിയ പഠനത്തിൽ anti thyroid anti bodies ഗർഭഛിദ്രത്തിന് ഒരു പ്രധാന കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>4. 20 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ ഭൂരിഭാഗം പേർക്കും Metabolic Syndrome ഉള്ളതായി കണ്ടെത്തി. ഇത് ഇന്ത്യയിലും ലോകത്തിലെ മറ്റുഭാഗങ്ങളിലും നടത്തിയ പഠനഫലങ്ങൾ താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്.<br>5. കണ്ണിലെ കൃഷ്ണമണിയിൽ വ്രണമുണ്ടാകുന്നതിന് പ്രധാന കാരണങ്ങളിൽ ഒന്ന് Acanchamoeba Species ആണെന്ന് കണ്ടെത്തുകയും ആയത് ചികിത്സിച്ചാൽ കാഴ്ച നഷ്ടപ്പെടാതെ തടയാം എന്നും പഠനങ്ങളിലൂടെ കണ്ടെത്തി.<br>6. ആസ്മരോഗ ബാധിതരായ കുട്ടികൾ ഉപയോഗിക്കുന്ന Inhaled Sterroid ന്റെ അളവിനെ കുറിച്ച് താരതമ്യപഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ രക്തത്തിലെ ഗ്ലൂക്കോസ്, കൊഴുപ്പിന്റെ അളവ് HbA1C എന്നിവയിൽ വ്യത്യാസം വരുന്നില്ലായെന്ന് കണ്ടെത്തി.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ 4 പ്രോജക്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>കോട്ടയം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിനിൽ, കൗമാരപ്രായക്കാരുടെ ആരോഗ്യ ശീലങ്ങൾ എന്ന പഠനത്തിൽ 18% കൗമാരക്കാർക്ക് അപകടകരമായ ആരോഗ്യ ശീലങ്ങൾ ഉണ്ടെന്ന് കണ്ടുപിടിച്ചു. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിൽ ചെള്ളുപനിയുടെ സാന്നിധ്യത്തെ കുറിച്ചും, മെഡിസിൻ വിഭാഗത്തിൽ കീടനാശിനിമൂലമുള്ള Inter-mediate syndrome ഉണ്ടാകുന്നത് മുൻകൂട്ടി കാണാനുള്ള കാരണങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്. |

Sindhu K.S

സെക്ഷൻ ഓഫീസർ